**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2620** **24-06-2024 - ൽ മറുപടിയ്ക്ക്**

**ചെറുകുന്നത്തെ കെ.എസ്.ഇ.ബി. ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിലെ വർക്കല സെക്ഷനിലെ ചെറുകുന്നം പ്രദേശത്ത് കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുമോ; | (എ) | വർക്കല മണ്ഡലത്തിലെ വർക്കല സെക്ഷനിലെ ചെറുകുന്നം പ്രദേശത്തു കെ. എസ്. ഇ. ബി. എൽ. സ്ഥാപിച്ചിട്ടുള്ള (തൊട്ടുവേ 100kVA ട്രാൻസ്ഫോർമർ) മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ശ്രീമതി.വിജയകുമാരി എസ്. & പ്രകാശ് എന്ന പേരിൽ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. ടി ട്രാൻസ്ഫോർമർ 15 വർഷ-ത്തിലേറെയായി പ്രസ്തുത സ്ഥലത്ത് നിലവിലുള്ളതാണെന്ന് പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. ടി പരാതിക്കാരി നിലവിലുള്ള ട്രാൻസ്ഫോമറിന് പുറകിലായി പുതിയ വഴി നിർമ്മിച്ചതിനാലാണ് ഇത് മാറ്റി സ്ഥാപിക്കേണ്ട സാഹചര്യം ഉണ്ടായത്. ആയതിനാൽ പ്രസ്തുത അപേക്ഷ ലഭിച്ചതിനെ തുടർന്ന് ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ഫീസും പ്രോസസ്സിങ് ഫീസും അടക്കണമെന്നുള്ള നിർദ്ദേശവും അതോടൊപ്പം ട്രാൻസ്ഫോർമർ മാറ്റിസ്ഥാപിക്കാൻ നിർദ്ദേശിക്കുന്ന സ്ഥലം തർക്കരഹിതമാ ണെന്നുള്ള സമ്മതപത്രം ബന്ധപ്പെട്ട സ്ഥല ഉടമകളിൽ നിന്നും വാങ്ങി വർക്കല സെക്ഷനിൽ ഹാജരാക്കണമെന്നും കാണിച്ച് കൊണ്ടുള്ള കത്ത് പരാതി ക്കാരിക്ക് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ അപേക്ഷ സമർപ്പിച്ചാൽ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനുള്ള തുക ഒടുക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. പ്രസ്തുത തുക അടച്ചതിനുശേഷം ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ശ്രീമതി.വിജയകുമാരി എസ്. & പ്രകാശ് എന്ന പേരിലുള്ള ഒരു അപേക്ഷയേ ലഭ്യമായിട്ടുള്ളൂ. |
| (സി) | നിലവിലെ ട്രാൻസ്ഫോർമറിന് സമീപത്തുള്ള വീട്ടുകാർക്ക് ട്രാൻസ്ഫോർമർ തടസ്സം സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | പ്രസ്തുത ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ട് ഏകദേശം 15 വർഷമായിട്ടുണ്ട്. സമീപത്തുള്ള വീട്ടുകാർക്കു ട്രാൻസ്ഫോർമർ തടസ്സം സൃഷ്ടിക്കുന്നതായി കാണിച്ച കൊണ്ടുള്ള പരാതിയൊന്നും ഇതുവരെ വർക്കല |

| | | | |
|---|---|---|---|
| | | | ഓഫീസിൽ ലഭിച്ചിട്ടില്ല. എന്നാൽ ശ്രീമതി.വിജയകുമാരി എന്നയാൾ തൊട്ടുവേ ട്രാൻസ്ഫോർമറിനു പുറകിൽ പുതുതായി ഒരു വഴി നിർമ്മിച്ചതിനു ശേഷം പ്രസ്തുത ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കണമെന്നു ആവശ്യപ്പെട്ടുള്ള ഒരു പരാതി വർക്കല ഓഫീസിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ